

# ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ

## കേരളം





സുഹൃത്തേ,

1962 ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ നിലവിൽ വന്നു. വളരെ അത്യാവശ്യപരിതഃസ്ഥിതികളിൽ സാമ്പത്തിക സഹായം അർഹിക്കുന്ന അധ്യാപകർക്ക് അത് ലഭ്യമാക്കുകയാണ് ഫൗണ്ടേഷന്റെ ലക്ഷ്യം. അധ്യാപകർക്കും കുട്ടികൾക്കും വിവിധ സഹായങ്ങൾ നൽകുന്ന പദ്ധതികളും ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

പൊതുസഹായ പദ്ധതികൾ, പ്രത്യേക സഹായപദ്ധതികൾ, സ്കോളർഷിപ്പുകൾ, ശിക്ഷക്സദനുകൾ തുടങ്ങിയവയെല്ലാം മേൽസൂചിപ്പിച്ച ലക്ഷ്യം മുൻനിർത്തി സ്ഥാപിച്ചവയാണ്. വിവിധ പദ്ധതികളെക്കുറിച്ചുള്ള സാമാന്യ വിവരണമാണ് ഈ ലഘുലേഖയിൽ ഉൾച്ചേർത്തിട്ടുള്ളത്. ഇവ വായിച്ചും വിവരങ്ങൾ പരസ്പരം കൈമാറിയും ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പദ്ധതികൾ സമൂഹമാകെ അറിയിക്കുന്നതിനുള്ള ഒന്നായി ഈ വിവരസഞ്ചയത്തെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

**ജീവൻബാബു. കെ**
**ഐ എ എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ
സെക്രട്ടറി & ട്രഷറർ
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ,
കേരളം

# സംസ്ഥാനതല പ്രവർത്തക സമിതി അംഗങ്ങൾ

**ശ്രീ. വി. ശിവൻകുട്ടി**
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി
ചെയർമാൻ, ദേശീയ അധ്യാപകക്ഷേമ
ഫൗണ്ടേഷൻ, കേരളം

**ശ്രീ. മുഹമ്മദ് ഹനീഷ്** ഐ.എ.എസ്
സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

സെക്രട്ടറി, ധനകാര്യവകുപ്പ്
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. ജീവൻബാബു. കെ** ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
സെക്രട്ടറി - ട്രഷറർ
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. എൻ.ടി. ശിവരാജൻ**
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. കെ.എസ്.ഭരതരാജ്**
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. എസ്. സന്തോഷ്കുമാർ**
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. മുസ്തഫ മൈലപ്പുറം**
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

**ശ്രീ. ബിജു. എം.കെ**
പ്രവർത്തക സമിതിയംഗം
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

# ആമുഖം

ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം 1962-ൽ ദേശീയാടിസ്ഥാനത്തിൽ രൂപംകൊണ്ട പ്രസ്ഥാനമാണ് ദേശീയാധ്യാപക ക്ഷേമഫൗണ്ടേഷൻ (NFTW). സർവീസിലുള്ളവരും വിരമിച്ചവരുമായ അധ്യാപകരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കിവരുന്നു. ദേശീയ അധ്യാപകദിനമായ സെപ്തംബർ 5-നോടനുബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്റ്റാമ്പ്, കൂപ്പൺ എന്നിവ വഴിയാണ് പ്രവത്തനഫണ്ട് സമാഹരിക്കുന്നത്.

ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി, ധനവകുപ്പു സെക്രട്ടറി എന്നിവർ ഔദ്യോഗിക അംഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടർ സെക്രട്ടറി-ട്രഷററും അഞ്ചു അധ്യാപക പ്രതിനിധികൾ അനൗദ്യോഗിക അംഗങ്ങളുമായുള്ള സംസ്ഥാന പ്രവർത്തക സമിതിയാണ് ദേശീയ അധ്യാപക ക്ഷേമഫൗണ്ടേഷൻ, കേരള ഘടകത്തിന്റെ ഭരണം നിർവഹിക്കുന്നത്.

To teach is to nurture another human being.
To all the teachers who have selflessly dedicated their lives to this mission, we salute you and honor you for your nobility and passion.



# കേരള ഘടകത്തിന്റെ വിവിധ സഹായപദ്ധതികൾ

## പൊതുസഹായ പദ്ധതി (General Assistance)

സർവീസിലുള്ളവരും വിരമിച്ചവരുമായ അധ്യാപകർ, മരണമടഞ്ഞ അധ്യാപകരുടെ ആശ്രിതർ എന്നിവർക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്. രോഗചികിത്സ, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ പഠനം എന്നീ ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നത്. പ്രാഥമിക പരിശോധനയ്ക്കുശേഷം സാധുവായി കണ്ടെത്തുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കു അയച്ചുകൊടുക്കും. ഡി.ഇ.ഒ. കൺവീനറും ജനപ്രതിനിധികൾ, അധ്യാപക സംഘടനാ പ്രതിനിധികൾ അംഗങ്ങളുമായ ഒരുസമിതി അപേക്ഷകൾ പരിശോധിച്ച് സാമ്പത്തിക സഹായത്തിന് അർഹമായവ ശുപാർശ ചെയ്യുന്നു. ആ ശുപാർശ പ്രകാരം അർഹമായ തുക ദേശീയ അധ്യാപക ക്ഷേമഫൗണ്ടേഷന്റെ ഫണ്ടിൽ നിന്നും ഓരോ അപേക്ഷകന്റെയും പേരിൽ ക്രോസ്ഡ് ചെക്കായി നൽകുന്നു. ഈ ചെക്കുകൾ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ അധ്യാപക ദിനാഘോഷത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്നു. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലാതെവന്നാൽ അപേക്ഷകൾ നിരസിക്കപ്പെടും. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം ആറ് ലക്ഷം രൂപയിൽ കവിയാൻ പാടില്ല.



സർവീസിലുള്ളവരും വിരമിച്ചവരുമായ അധ്യാപകർ 'എ' ഫോമിലും സർവ്വീസിൽ ഇരിക്കെ മരണമടഞ്ഞ അധ്യാപകരുടെ ആശ്രിതർ 'ബി' ഫോമിലും അപേക്ഷ സമർപ്പിക്കണം. മതിയായ സ്റ്റാമ്പൊട്ടിച്ച് സ്വന്തം വിലാസമെഴുതിയ കവർ സഹിതം ഈ ആഫീസിലേയ്ക്ക് എഴുതി ആവശ്യപ്പെടുന്നവർക്ക് അപേക്ഷ ഫോറം അയച്ചുകൊടുക്കുന്നതാണ്. പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ കല്യാണക്ഷണക്കത്തോ വിവാഹം കഴിഞ്ഞാണ് അപേക്ഷിക്കുന്നതെങ്കിൽ വിവാഹസർട്ടിഫിക്കറ്റിന്റെ പകർപ്പോ അപേക്ഷയോടൊപ്പം സമർപ്പിക്കണം. വിവാഹം കഴിഞ്ഞ് 3 മാസത്തിനകം അപേക്ഷ സമർപ്പിച്ചാലേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

കാൻസർ, ഹൃദയ/വൃക്ക സംബന്ധമായ രോഗങ്ങൾ, ഗുരുതരമായ അപകടങ്ങൾ എന്നിവമൂലം ചെലവേറിയ ചികിത്സ ആവശ്യമുള്ള അധ്യാപകർക്ക് സമാശ്വാസമായി 20,000/-രൂപ ചികിത്സാസഹായം നൽകുന്ന ഈ പദ്ധതി പ്രകാരം ഒരാളിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. പൊതുസഹായ പദ്ധതി പ്രകാരം ചികിത്സാധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട അദ്ധ്യാപകന് അഞ്ച് വർഷവും വിദ്യാഭ്യാസ ധനസഹായത്തിനും വിവാഹ ധനസഹായത്തിനും അപേക്ഷിക്കുമ്പോൾ പത്ത് വർഷവും അദ്ധ്യാപക സർവീസ് ഉണ്ടായിരിക്കേണ്ടതാണ്.

## ശിക്ഷക് സദനുകൾ

ഭാരതത്തിലെവിടെയും അധ്യാപകർക്ക് യാത്രാ വേളകളിൽ മിതമായ നിരക്കിൽ താമസവും ഭക്ഷണവും ലഭ്യമാക്കുന്നതിനായി ശിക്ഷക് സദനുകൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, ഇടുക്കി, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലായി പത്ത് ശിക്ഷക് സദനുകൾ പ്രവർത്തിച്ചുവരുന്നു.



തിരുവനന്തപുരം റയിൽവേ സ്റ്റേഷനും കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാന്റിനും സമീപത്ത് മാഞ്ഞാലിക്കുളം റോഡിൽ എസ്.എം.വി.സ്കൂൾ വളപ്പിലും, കുമാരപുരത്ത് മെഡിക്കൽ കോളേജിനു സമീപം മെഡിക്കൽ കോളേജ് എച്ച് എസ് എസ് സ്കൂൾ വളപ്പിലും, ഇടുക്കിയിൽ പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിനു സമീപം കുമിളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വളപ്പിലും, മൂന്നാറിൽ ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് എതിർവശത്തും, എറണാകുളത്ത് സൗത്ത് റെയിൽവേസ്റ്റേഷനുസമീപം എസ്.ആർ.വി.സ്കൂൾ വളപ്പിലും, തൃശ്ശൂരിൽ ഗുരു





വായൂർ ക്ഷേത്രത്തിനു സമീപം ചാവക്കാട് ഹയർ സെക്കന്ററി സ്കൂൾ വളപ്പിലും, കോഴിക്കോട് പൂന്താനം ജംഗ്ഷനിൽ ബൈരായിക്കുളം ഗവ. എൽ പി സ്കൂളിനു സമീപത്തും, പാലക്കാട് ടൗൺ റെയിൽവേ സ്റ്റേഷനു സമീപം മേട്ടുപാളയത്ത് മോയൻ ഹയർ സെക്കന്ററി സ്കൂൾ പരിധിയിലും, മലപ്പുറത്ത് ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ വളപ്പിലും, കണ്ണൂർ ഗവ.ടി.ടി.ഐ.ഫോർ മെൻ വളപ്പിലും ശിക്ഷക് സദനുകൾ പ്രവർത്തിച്ചുവരുന്നു. തമ്പാനൂർ, കോഴിക്കോട് ശിക്ഷക് സദനുകളുടെ നവീകരണവും നടന്നുവരുന്നു. ശിക്ഷക് സദനുകളുടെ ഭരണപരമായ ചുമതല അവ സ്ഥിതി ചെയ്യുന്ന സ്കൂളുകളുടെ മേധാവികൾക്കാണ്. സംസ്ഥാന തലത്തിൽ പ്രവർത്തക സമിതിപോലെ ഓരോ ശിക്ഷക് സദന്റെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഉപസമിതികൾ ഉണ്ട്. സംസ്ഥാന പ്രവർത്തക സമിതിയിലെ അനൗദ്യോഗികാംഗങ്ങളായ വിദ്യാഭ്യാസ പ്രവർത്തകരും അധ്യാപക സംഘടനാ നേതാക്കളും ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ അസിസ്റ്റന്റ് സെക്രട്ടറിയും ബന്ധപ്പെട്ട സ്കൂൾ മേധാവിയും ഉപസമിതി അംഗങ്ങളാണ്. ഉപസമിതിയുടെ എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന പ്രവർത്തക സമിതിയുടെ നിയന്ത്രണത്തിനു വിധേയമായിരിക്കും.

ശിക്ഷക് സദനുകളിൽ താമസിക്കുവാൻ എത്തുന്നവർ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡിന്റെ പകർപ്പും അധ്യാപകർക്കുള്ള ആനുകൂല്യം ലഭിക്കുവാൻ അധ്യാപകനാണെന്ന് തെളിയിക്കുന്ന മേലധികാരിയുടെ സാക്ഷ്യ പത്രവും കൈയിൽ കരുതണം.

## ഹെർമിറ്റേജ്

വാർധക്യത്തിൽ ആലംബഹീനരായി മാറുന്ന സ്കൂൾ അധ്യാപകർക്ക് ആശ്രയമേകാൻ ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളഘടകം ഒരുക്കിയ സംരംഭമാണ് ഹെർമിറ്റേജ്. സൗജന്യ നിരക്കിൽ താമസവും ഭക്ഷണവും ഇവിടെ ലഭ്യമാണ്. തിരുവനന്തപുരത്ത് പേട്ടയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വളപ്പിലാണ് ഹെർമിറ്റേജ് സ്ഥിതിചെയ്യുന്നത്. ഭരണച്ചുമതല സ്കൂൾ മേധാവിക്കാണ്. ഇപ്പോൾ അമ്പതോളം അന്തേവാസികൾ ഇവിടെയുണ്ട്.

## കേന്ദ്ര പദ്ധതികൾ

### ചികിത്സാസഹായം



ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ കേന്ദ്ര സമിതിയിൽ നിന്നും ചികിത്സക്കായി 20,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. ഈ ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും മൂന്നുപ്രതികൾ നല്കണം. ഒരു പ്രതിയോടൊപ്പം അസ്സൽ ക്യാഷ് ബില്ലുകളും മറ്റുരണ്ടു പ്രതികളോടൊപ്പം ക്യാഷ് ബില്ലുകളുടെ ഫോട്ടോകോപ്പിയും നല്കണം.



### പെയ്ഡ് ഹോളിഡേ

ദേശീയ, സംസ്ഥാന അധ്യാപക അവാർഡു ജേതാക്കളായ അധ്യാപകർക്ക് ജീവിത പങ്കാളിയോടൊപ്പം ഇന്ത്യയിലെവിടെയും അഞ്ച് വർഷത്തിലൊരിക്കൽ സന്ദർശിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

### പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം



സ്കൂൾ അധ്യാപകരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഒരു വർഷം പരമാവധി 15,000/-രൂപ വരെ സഹായം നൽകുന്നു.

* മറ്റു വിശദാംശങ്ങൾ ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

# നഗരഹൃദയത്തിൽ




ശിക്ഷക്സദൻ
## തമ്പാനൂർ
തിരുവനന്തപുരം

### പ്രധാന കേന്ദ്രങ്ങൾ

| | |
|---|---|
| സെക്രട്ടറിയേറ്റ് | 0.5 കി.മീ |
| ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് | 0.5 കി.മീ. |
| ഡി.പി.ഐ ഓഫീസ് | 2 കി.മീ. |
| എസ്.സി.ഇ.ആർ.ടി, പരീക്ഷാഭവൻ | 3.5 കി.മീ. |
| എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ കാര്യാലയം | 2 കി.മീ. |
| നിയമസഭാ മന്ദിരം, കേരള യൂണിവേഴ്സിറ്റി, എം.എൽ.എ ക്വാർട്ടേഴ്സ് | 1.5 കി.മീ. |
| മെഡിക്കൽ കോളേജ്, ആർ.സി.സി, ശ്രീചിത്ര മെഡിക്കൽ സെന്റർ | 8 കി.മീ. |
| പി.ആർ.എസ് ഹോസ്പിറ്റൽ | 3 കി.മീ. |
| കിംസ് ഹോസ്പിറ്റൽ | 8 കി.മീ. |
| ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം | 0.75 കി.മീ. |
| കിഴക്കേക്കോട്ട | 0.5 കി.മീ. |
| പഴവങ്ങാടി ക്ഷേത്രം | 0.5 കി.മീ. |
| ആറ്റുകാൽ ക്ഷേത്രം | 7 കി.മീ. |
| വേളി, ആക്കുളം | 10 കി.മീ |
| കോവളം | 15 കി.മീ. |
| മ്യൂസിയം, പ്ലാനിട്ടോറിയം | 3 കി.മീ. |

നവീകരണം നടക്കുന്നു

- 45 മുറികൾ (2 കിടക്കകളുള്ളത്)
- 10 ശീതീകരിച്ച മുറികൾ
- ഡോർമിറ്ററി
- വിപുലമായ ഭക്ഷണശാല
- 250 പേർക്ക് ഇരിക്കാവുന്ന വലിയ ഹാൾ

കൺവീനർ
ശ്രീമതി ജസ്ലറ്റ്
ഫോൺ: 9400803088

മാനേജർ
ശ്രീ. സോമസുന്ദരം
ഫോൺ: 9495541863, 0471 2331383

മേൽവിലാസം
എസ്.എം.വി.എച്ച്.എസ്.എസ് കോമ്പൗണ്ട്
മാഞ്ഞാലിക്കുളം റോഡ്,
തമ്പാനൂർ, തിരുവനന്തപുരം
ഫോൺ: 0471 2331383






# ശിക്ഷക്സദൻ കുമാരപുരം

## തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപം

- **40 മുറികൾ** 2 കിടക്കകൾ ഉള്ളത്
- **5 ശീതീകരിച്ച മുറികൾ**
- **കോൺഫറൻസ് ഹാൾ**
- **ഡോർമിറ്ററി** 10 കിടക്കകൾ ഉള്ളത്
- വിശാലമായ **പാർക്കിംഗ്** സൗകര്യം
- വിപുലമായ **ഭക്ഷണശാല**

കൺവീനർ
ശ്രീമതി ലില്ലി എം എസ്
ഫോൺ: 9446504225

മാനേജർ
ശ്രീ. ബാബു
ഫോൺ: 9447210190, 8606093032, 0471 2555082

മേൽവിലാസം
**മെഡിക്കൽ കോളേജ്**
**ജി.എച്ച്.എസ്.എസ് കോമ്പൗണ്ട്**
ടാഗോർ ഗാർഡൻ, കുമാരപുരം, തിരുവനന്തപുരം
ഫോൺ: 0471 2555082

### പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ

| | |
|---|---|
| വേളി ട്യൂറിസ്റ്റ് വില്ലേജ് | 5.9 കി.മീ. |
| ശംഖുമുഖം ബീച്ച് | 10 കി.മീ. |
| വിക്രം സാരാഭായ് സ്പേസ് സെന്റർ-തുമ്പ | 11 കി.മീ. |
| കോവളം ബീച്ച് | 21 കി.മീ |
| വലിയതുറ കടൽപ്പാലം | 11 കി.മീ. |
| ശാന്തിഗിരി ആശ്രമം | 16 കി.മീ. |
| ശ്രീനാരായണഗുരു ജന്മസ്ഥലം - ചെമ്പഴന്തി | 7.1 കി.മീ |
| തിരുവനന്തപുരം മൃഗശാല | 6 കി.മീ. |

### പ്രധാന ആശുപത്രികൾ


| | |
|---|---|
| റീജിണൽ ക്യാൻസർ സെന്റർ | 1.5 കി.മീ. |
| മെഡിക്കൽ കോളേജ് | 1.2 കി.മീ. |
| ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 1.1 കി.മീ. |
| കോസ്മോ പോളിറ്റൻ ആശുപത്രി, മുറിഞ്ഞപ്പാലം | 1.6 കി.മീ |

### പ്രധാന ദേവാലയങ്ങൾ

| | |
|---|---|
| ശ്രീ പത്മനാഭസ്വാമി ക്ഷേത്രം | 6 കി.മീ |
| ആറ്റുകാൽ ഭഗവതി ക്ഷേത്രം | 7.2 കി.മീ |
| ശ്രീകണ്ഠേശ്വര ക്ഷേത്രം | 4.3 കി.മീ |
| കരക്കകം ക്ഷേത്രം | 4.7 കി.മീ. |
| പട്ടം സെന്റ് മേരീസ് ദേവാലയം | 2.2 കി.മീ |
| വെട്ടുക്കാട് പള്ളി | 7.8 കി.മീ |

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| ഗവ. സെക്രട്ടറിയേറ്റ് | 5.4 കി.മീ |
| കേരള നിയമസഭാ മന്ദിരം | 4.3 കി.മീ |
| കേരള പരീക്ഷാഭവൻ | 7.9 കി.മീ |
| ഡി.പി.ഐ ഓഫീസ് | 6.3 കി.മീ |
| പ്രിയദർശനി പ്ലാനിറ്റോറിയം | 3.7 കി.മീ |
| കേരള യൂണിവേഴ്സിറ്റി ഓഫീസ് | 3.9 കി.മീ |
| തമ്പാനൂർ റെയിൽവേ സ്റ്റേഷൻ / ബസ് സ്റ്റാന്റ് | 5.7 കി.മീ |
| പേട്ട റെയിൽവേ സ്റ്റേഷൻ | 3.4 കി.മീ |
| കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ | 4.7 കി.മീ |
| ടെക്നോ പാർക്ക്, കഴക്കൂട്ടം | 11 കി.മീ. |





# ഇടുക്കി ജില്ലയിലെ ആദ്യത്തെ ശിക്ഷക്സദൻ

## ശിക്ഷക്സദൻ കുമളി

**25 മുറികൾ**
2 കിടക്കകൾ ഉള്ളത്

**18 ഡബിൾറൂം**

**3 കിടക്കകളുള്ള**
3 മുറികൾ

**4 കിടക്കകളുള്ള**
1 മുറി

**5 കിടക്കകളുള്ള**
3 മുറികൾ

**2 കോൺഫറൻസ് ഹാൾ**

**ഡോർമിറ്ററികൾ**

**പാർക്കിംഗ് സൗകര്യം**


കൺവീനർ
ശ്രീമതി മല്ലിക എ
ഫോൺ: 9447714064

മാനേജർ
ശ്രീ. നാരായണൻ
ഫോൺ: 9446974951, 04869 223630

മേൽവിലാസം
ജി.എച്ച്.എസ്.എസ് കോമ്പൗണ്ട്
കുമളി. ഫോൺ: 04869 223630

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| തേക്കടി ബോട്ടിംഗ് ലാന്റ് | 4 കി.മീ |
| ഒട്ടകതലമേട് | 10 കി.മീ |
| ചെല്ലാർ കോവിൽ | 14 കി.മീ |
| മുരുക്കടി | 5 കി.മീ |
| സുരുളി വെള്ളച്ചാട്ടം | 40 കി.മീ |
| ഇരച്ചിൽ വെള്ളച്ചാട്ടം | 4 കി.മീ |
| പാഞ്ചാലിമേട് | 50 കി.മീ |
| പാണ്ടിക്കുഴി | 8 കി.മീ |
| വാഗമൺ | 50 കി.മീ |
| അരണക്കൽ സത്രം | 30 കി.മീ |
| ഇടുക്കി ഡാം | 65 കി.മീ |
| രാമക്കൽ മേട് | 50 കി.മീ |
| ഗവി | 62 കി.മീ |
| ശബരിമല | 124 കി.മീ |
| മംഗള ദേവി ക്ഷേത്രം | 15 കി.മീ |
| അമരാവതി ശിവക്ഷേത്രം | 3 കി.മീ |
| ദുർഗ്ഗ, ഗണപതി ക്ഷേത്രം | 200 മീറ്റർ |
| ജുമ മസ്ജിദ്, കുമളി | 300 മീ. |
| ലൂർദ്ദ് ചർച്ച് | 750 കി.മീ. |
| സെന്റ്. തോമസ് ചർച്ച് | 1.5 കി.മീ. |
| സെൻറ് മേരീസ് ചർച്ച് (മലങ്കര) | 1 കി.മീ |





# സ്വപ്നസാക്ഷാത്കാരം

## ശിക്ഷക്സദൻ മൂന്നാർ

- 31 മുറികൾ (2 കിടക്കകളുള്ളത്)
- 300 പേർക്ക് ഇരിക്കാവുന്ന വലിയ ഹാൾ
- 100 പേർക്ക് ഇരിക്കാവുന്ന ചെറിയ ഹാൾ
- 50 പേർക്ക് താമസിക്കാവുന്ന 2 ഡോർമിറ്ററികൾ
- വൈ ഫൈ കണക്ഷൻ
- ചൂടുവെള്ളം
- വിശാലമായ പാർക്കിംഗ് സൗകര്യം
- വിപുലമായ ഭക്ഷണശാല

കൺവീനർ
ശ്രീ. സി. ശരവണൻ
ഫോൺ: 9447979346

മേൽവിലാസം
ഗവ. വൊക്കേഷണൽ
ഹയർസെക്കന്ററി സ്കൂളിന് എതിർവശം
പഴയ മൂന്നാർ, ഇടുക്കി ജില്ല, ഫോൺ: 04865 231214

### പ്രധാന കേന്ദ്രങ്ങൾ

| | |
|---|---|
| ടീ മ്യൂസിയം | 2 കി.മീ |
| ഇരവിക്കുളം നാഷണൽ പാർക്ക് (രാജമല) | 12 കി.മീ |
| സാന്റൽവുഡ് ഫോറസ്റ്റ് (മറയൂർ) | 37 കി.മീ |
| ചിന്നാർ വന്യജീവി സങ്കേതം | 60 കി.മീ |
| ലുക്കാം വെള്ളച്ചാട്ടം | 26 കി.മീ |
| അനൈമുടി കുണ്ടള ഡാം | 25 കി.മീ |
| എക്കോ പോയിന്റ് | 18 കി.മീ |
| മാട്ടുപ്പെട്ടി ഡാം | 13 കി.മീ |
| ബോട്ടിംഗ് (മാട്ടുപ്പെട്ടി ഡാം) | 15 കി.മീ |
| ഹണീബീ നസ്റ്റിലിൻ | 6 കി.മീ |
| ടോപ്പ് സ്റ്റേഷൻ-വ്യൂ പോയിന്റ് (ബി.ലെവൽ-6400 ഫീറ്റ്) | 35 കി.മീ |
| പോത്തമേട് വ്യൂ പോയിന്റ് | 5 കി.മീ |





# മെട്രോനഗരത്തിൽ

## ശിക്ഷക്സദൻ എറണാകുളം

### പ്രധാന കേന്ദ്രങ്ങൾ

| | |
|---|---|
| മഹാരാജാസ് കോളേജ് | 500 മീ |
| മെട്രോ സ്റ്റേഷൻ (ഗ്രൗണ്ട്) | 500 കി.മീ |
| സിവിൽ സ്റ്റേഷൻ കാക്കനാട് | 8 കി.മീ |
| നവാൽ ബേസ് | 3 കി.മീ |
| കണയന്നൂർ താലൂക്ക് ഓഫീസ് | 1 കി.മീ |
| ഹൈക്കോർട്ട് - എറണാകുളം | 2.5 കി.മീ |
| മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | 1 കി.മീ |
| ഗോസ്റീ പാലം | 3 കി.മീ |
| ബോൾഗാട്ടി പാലസ് | 4 കി.മീ |
| ബോട്ട് ജെട്ടി | 2 കി.മീ |
| കെ.എസ്.ആർ.ടി.സി ബസ്റ്റ്സ്റ്റാന്റ് | 2 കി.മീ |
| സൗത്ത് റയിൽവേ സ്റ്റേഷൻ | 500 മീ |
| നോർത്ത് റയിൽവേ സ്റ്റേഷൻ | 2.5 കി.മീ |
| ലിസ്സി ഹോസ്പിറ്റൽ | 2.5 കി.മീ |
| ലേക്ക് ഷോർ ഹോസ്പിറ്റൽ | 6 കി.മീ |
| അസ്തർ മെഡിസിറ്റി | 10 കി.മീ |
| കൊച്ചി യൂണിവേഴ്സിറ്റി | 6 കി.മീ |
| കോ.ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് | 8 കി.മീ |
| ഹിൽ പാലസ് (തൃപ്പൂണിത്തുറ) | 7 കി.മീ |
| ഫോർട്ട് കൊച്ചി | 12 കി.മീ |
| സുഭാഷ് പാർക്ക് | 1 കി.മീ |
| എ.ജി ഓഫീസ് | 3 കി.മീ |
| ഇൻഡോർ സ്റ്റേഡിയം (കടവന്ത്ര) | 1 കി.മീ |
| ജവഹർലാൽ നെഹ്റു സ്റ്റേഡിയം | 4 കി.മീ |
| ജനറൽ ഹോസ്പിറ്റൽ | 1 കി.മീ |
| ഇൻഫോ പാർക്ക് (കാക്കനാട്) | 10 കി.മീ |

### ഭക്ഷണശാലകൾ

| | |
|---|---|
| ട്രാവൻകൂർ പാലസ് | 500 മീ |
| അവന്യൂ റീജന്റ് | 400 മീ |
| ക്യൂബ് ഹോട്ടൽ | 300 മീ |
| ഗോകുലം പാർക്ക് ഹോട്ടൽ | 3 കി.മീ |
| ലെ മെറിഡൈൻ (കുണ്ടന്നൂർ) | 8 കി.മീ |
| കല്ലൂർ പ്രൈവറ്റ് ബസ്റ്റാന്റ് | 3 കി.മീ |

- **25 മുറികൾ** 2 കിടക്കകൾ ഉള്ളത്
- **ഡോർമിറ്ററികൾ** 6 കിടക്കകൾ ഉള്ളത്
- **150** പേർക്ക് ഇരിക്കാവുന്ന **വലിയ ഹാൾ**
- **100** പേർക്ക് ഇരിക്കാവുന്ന **ചെറിയ ഹാൾ**
- **50** പേർക്ക് ഇരിക്കാവുന്ന **2 ചെറിയ ഹാൾ**
- വിപുലമായ **ഭക്ഷണശാല**

കൺവീനർ
ശ്രീ. വർഗ്ഗീസ് പി ജെ
ഫോൺ: 9446512168

മാനേജർ
ശ്രീ. പി.എൻ.സജീവൻ
ഫോൺ: 9446209694, 0484 2376664

മേൽവിലാസം
എസ്.ആർ.വി.എച്ച്.എസ്. കോമ്പൗണ്ട്
എറണാകുളം. ഫോൺ: 0484 2376664



# ഗുരുവായൂർ ക്ഷേത്രത്തിനു സമീപം



## ശിക്ഷക്സദൻ ചാവക്കാട്

- **21 മുറികൾ**
  2 കിടക്കകൾ ഉള്ളത്
- **5 ശീതീകരിച്ച മുറികൾ**
- ഡോർമിറ്ററികൾ
- **300 പേർക്ക് ഇരിക്കാവുന്ന വലിയ ഹാൾ**
- **100 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്ന വിപുലമായ ഭക്ഷണശാല**
- **100 പേർക്ക് ഇരിക്കാവുന്ന ചെറിയ ഹാൾ**
- **വിപുലമായ ഭക്ഷണശാല**

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| ഗുരുവായൂർ ക്ഷേത്രം | 0.6 കി.മീ |
| ചാവക്കാട് ബീച്ച് | 3 കി.മീ |
| പുന്നത്തൂർ കോട്ട | 3 കി.മീ |
| പാലയൂർ പള്ളി | 1 കി.മീ |
| മണത്തലപ്പള്ളി | 2 കി.മീ |
| ചേറ്റുവ അഴിമുഖം കടപ്പുറം | 8 കി.മീ |
| മമ്മിയൂർ ക്ഷേത്രം | 1 കി.മീ |
| തൃപ്രയാർ ക്ഷേത്രം | 24 കി.മീ |


കൺവീനർ
ശ്രീമതി ഉഷ കെ സി
ഫോൺ: 9497170011

മാനേജർ
ശ്രീ. എം.എഫ്.ജോയ്
ഫോൺ: 0487 2552857

മേൽവിലാസം
ജി.എച്ച്.എസ്.എസ് കോമ്പൗണ്ട്
ചാവക്കാട്, ഗുരുവായൂർ, തൃശൂർ ജില്ല
ഫോൺ: 0487 2552857






# കേരളത്തിന്റെ നെല്ലറയിൽ

## ശിക്ഷക്സദൻ പാലക്കാട്

**24** മുറികൾ
2 കിടക്കകൾ ഉള്ളത്

**5 ശീതീകരിച്ച** മുറികൾ

**2** ഡോർമിറ്ററികൾ

**30** പേർക്ക് ഇരിക്കാവുന്ന
**ചെറിയ ഹാൾ**

കൺവീനർ
ശ്രീ. ജോസി ഡാനിയേൽ
ഫോൺ: 9495056659

മാനേജർ
ശ്രീ. അശോകൻ
ഫോൺ: 9995245749

മേൽവിലാസം
മേട്ടുപ്പാളയം സ്ട്രീറ്റ്
പാലക്കാട്, ഫോൺ: 0491 2544030

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| മലമ്പുഴഡാം | 7 കി.മീ |
| പാലക്കാട് കോട്ട | 1.5 കി.മീ |
| പാലക്കാട് ടൗൺ റെയിൽവേ സ്റ്റേഷൻ | 0.5 കി.മീ |
| ഒലവക്കോട് റെയിൽവേ സ്റ്റേഷൻ | 6 കി.മീ |
| കൽപ്പാത്തി | 4 കി.മീ |
| മെഡിക്കൽ കോളേജ് | 3 കി.മീ |
| സൈലന്റ് വാലി | 60 കി.മീ |
| പോത്തുണ്ടിഡാം | 30 കി.മീ |
| നെല്ലിയാമ്പതി | 55 കി.മീ |
| കോയമ്പത്തൂർ റെയിൽവേ സ്റ്റേഷൻ | 60 കി.മീ |
| പൊള്ളാച്ചി | 60 കി.മീ |
| പളനി മുരുകൻ ക്ഷേത്രം | 160 കി.മീ |





ശിക്ഷക്സദൻ

# മലപ്പുറം

13

## എഴുത്തച്ഛന്റെ നാട്ടിൽ

23 മുറികൾ
(2 കിടക്കകളുള്ളത്)

3 ശീതീകരിച്ച മുറികൾ

2 ഡോർമിറ്ററികൾ

ഭക്ഷണശാല


കൺവീനർ
ശ്രീമതി സാലിജോർജ്ജ്
ഫോൺ: 9745297351

മാനേജർ
ശ്രീ. ശ്രീകുമാർ
ഫോൺ: 9446208448

മേൽവിലാസം
ജി.ബി.എച്ച്.എസ്.എസ് കോമ്പൗണ്ട്
ഡൗൺ ഹിൽ, മലപ്പുറം
ഫോൺ: 0483 2732730


### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| മലപ്പുറം - കോട്ടക്കുന്ന് | 1 കി.മീ |
| മലപ്പുറം വലിയങ്ങാടി മസ്ജിദ് മഖാം | 1 കി.മീ |
| പൂക്കോട്ടൂർ യുദ്ധ സ്മാരകം | 10 കി.മീ |
| കോട്ടക്കൽ ആര്യവൈദ്യശാല | 12 കി.മീ |
| അങ്ങാടി പ്പുറം തിരുമാന്ധാംകുന്ന്, തളി ക്ഷേത്രങ്ങൾ | 18 കി.മീ |
| കാടാമ്പുഴ ക്ഷേത്രം | 20 കി.മീ |
| പൂന്താനം ഇല്ലം സ്മാരകം | 25 കി.മീ. |
| തിരൂരങ്ങാടി മമ്പുറം പള്ളി മഖാം | 25 കി.മീ |
| കൊണ്ടോട്ടി ഖുബ്ബ, മോയിൻകുട്ടി വൈദ്യർ സ്മാരകം | 25 കി.മീ |
| കാലിക്കറ്റ് എയർപോർട്ട് കരിപ്പൂർ | 27 കി.മീ |
| പെരിന്തൽമണ്ണ അമ്മിക്കാട് കൊടികുത്തിമല | 28 കി.മീ |
| തിരൂർ വാഗൺ ട്രാജഡി മന്ദിരം | 28 കി.മീ. |
| തിരൂർ തുഞ്ചൻ പറമ്പ് | 30 കി.മീ |
| കോഴിക്കോട് യൂണിവേഴ്സിറ്റി തേഞ്ഞിപ്പാലം | 30 കി.മീ. |
| തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രം | 30 കി.മീ |
| നിലമ്പൂർ തേക്ക് തോട്ടം | 35 കി.മീ. |
| ആലത്തിയൂർ ഹനുമാൻകാവ് | 35 കി.മീ |
| നിലമ്പൂർ ആഢ്യൻപാറ വെള്ളച്ചാട്ടം | 45 കി.മീ. |
| പൊന്നാനി ബീയം കായൽ | 53 കി.മീ |
| പൊന്നാനി വലിയ പള്ളി | 55 കി.മീ |
| പെരുമ്പടപ്പ് പുത്തൻപള്ളി മഖാം | 60 കി.മീ |



# നഗരഹൃദയത്തിൽ



## ശിക്ഷക്സദൻ കോഴിക്കോട്

**നവീകരണം പുരോഗമിക്കുന്നു**

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| റെയിൽവെ സ്റ്റേഷൻ | 1 കിമി |
| കാപ്പാട് ബീച്ച് | 22 കിമീ |
| പയ്യനാട് കൽപ്പറ്റ | 65 കിമീ |
| തളിക്ഷേത്രം | 0.5 കിമീ |
| മിഠായിത്തെരുവ് | 0.5 കിമീ |
| മാനാഞ്ചിറ മൈതാനം | 0.5 കിമീ |
| സരോവരം വയോപാർക്ക് | 5 കിമീ |
| പെരുവണ്ണാമൊഴി ഡാം | 60 കിമീ |
| പ്ലാനറ്റോറിയം | 1.5 കിമീ |
| പഴശ്ശിരാജ മ്യൂസിയം, ആർട്ട് ഗ്യാലറി | 5 കിമീ |

**18** മുറികൾ
2 കിടക്കകൾ ഉള്ളത്

**2** ഡോർമിറ്ററികൾ

**10** ശീതീകരിച്ച മുറികൾ

വിപുലമായ
**പാർക്കിംഗ്** സൗകര്യം


കൺവീനർ
ശ്രീമതി ഗൗരി കെ കെ
ഫോൺ: 9446518610

മാനേജർ
ശ്രീ. പ്രകാശൻ
ഫോൺ: 9495647565

മേൽവിലാസം
റാം മോഹൻ റോഡ്
പുന്താനം ജംഗ്ഷൻ, കോഴിക്കോട്.
ഫോൺ: 0495 2720928




# ശിക്ഷക്സദൻ കണ്ണൂർ

## വീരേതിഹാസം രചിച്ച നാട്ടിൽ



**14 മുറികൾ**
2 കിടക്കകൾ ഉള്ളത്

**5 ശീതീകരിച്ച മുറികൾ**

**200 പേർക്ക് ഇരിക്കാവുന്ന ഹാൾ**

**2 ഡോർമിറ്ററികൾ**

**100 പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഹാൾ**

കൺവീനർ
ശ്രീ. കെ വി ഹരിദാസൻ
ഫോൺ: 9496404949

മാനേജർ
ശ്രീ. കെ.എം.ചന്ദ്രൻ
ഫോൺ നമ്പർ : 9496834741

മേൽവിലാസം
തെക്കീ ബസ്സാർ
ഡി.ഡി.ഇ ഓഫീസ് കോമ്പൗണ്ട്, കണ്ണൂർ
ഫോൺ: 0497 2703588

### പ്രധാന സ്ഥലങ്ങൾ

| | |
|---|---|
| പയ്യാമ്പലം ബീച്ച് | 3.1 കി.മീ |
| സെന്റ് ആഞ്ജലോസ് കോട്ട | 3.7 കി.മീ |
| മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച് | 13.9 കി.മീ |
| കണ്ണൂർ ലൈറ്റ് ഹൗസ് | 3.4 കി.മീ |
| പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് | 15.9 കി.മീ |
| അറക്കൽ മ്യൂസിയം | 3.7 കി.മീ |
| വിസ്മയ വാട്ടർപാർക്ക് | 17 കി.മീ |
| മാടായിപ്പാറ | 23.8 കി.മീ |
| ആറളം വന്യജീവി സങ്കേതം | 53.4 കി.മീ |
| പറശ്ശിനിക്കടവ് മുത്തപ്പൻക്ഷേത്രം | 19 കി.മീ |
| ഹോളിട്രിനിറ്റി കത്തീഡ്രൽ ബർണശ്ശേരി | |
| പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം | 14.1 കി.മീ |
| കടലായി ശ്രീകൃഷ്ണക്ഷേത്രം | 5.4 കി.മീ |
| മൂന്നുപെറ്റമ്മപള്ളി പാപ്പിനിശ്ശേരി | 5.4 കി.മീ |
| രാജാരാജേശ്വര ക്ഷേത്രം തളിപ്പറമ്പ് | 20 കി.മീ |
| കണ്ണൂർ റെയിൽവേ സ്റ്റേഷൻ | 1.2 കി.മീ |
| പാവക്കര പുതിയ ബസ് സ്റ്റാന്റ് | 1.3 കി.മീ |
| പഴശ്ശിഡാം | 35 കി.മീ |
| മൃദംഗ ശൈലേശ്വരക്ഷേത്രം | 42 കി.മീ |



ഹെർമ്മിറ്റേജ്
# പേട്ട
തിരുവനന്തപുരം






## വൃദ്ധരും, അശരണരുമായ അധ്യാപകർക്ക് ഒരു മന്ദിരം

ഇന്ത്യയിലെ
ഏക ഹെർമിറ്റേജ്

ലെയ്സൺ ഓഫീസർ
ശ്രീ. ക്രിസ്തുദാസ്
ഫോൺ: 9497472331

മാനേജർ
ശ്രീ. വി. ജയശ്രീ
ഫോൺ നമ്പർ : 9447826334

## കുട്ടികളോടും അധ്യാപകരോടും

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത് കേരളത്തിന്റെ പൊതുവിദ്യാഭ്യാസമാണ്. പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ പുത്തനുണർവ് ഞങ്ങൾക്ക് വലിയ ആവേശം നൽകുന്നു. ഈ മേഖലയിലെ കുട്ടികളും അധ്യാപകരും നൽകുന്ന സംഭാവനയാണ് ഫൗണ്ടേഷന്റെ പ്രധാന മൂലധനം. പുതിയ കർമ്മപദ്ധതികൾ ഏറ്റെടുക്കാൻ ഫൗണ്ടേഷൻ സദാസന്നദ്ധമാണ്. എല്ലാ ജില്ലകളിലും ശിക്ഷക്സദൻ എന്ന സ്വപ്നം സാക്ഷാത്കരിക്കണം. ആവശ്യമുള്ള ജില്ലകളിൽ ഒന്നിലേറെയും എന്നതും സ്വപ്നമാണ്. തിരുവനന്തപുരത്ത് പേട്ടയിൽ  ഉള്ളതുപോലെ ഒരു വൃദ്ധസദൻ കൂടി വേണം. വടക്കൻ കേരളത്തിലാകുന്നതാകും നല്ലത്. മെഡിക്കൽ കോളേജുകളോട് ചേർന്നും പുതിയ ശിക്ഷക് സദൻ ഉണ്ടാകുന്നുതും നല്ലതാണ്. ഈ ആശയങ്ങളും സ്വപ്നങ്ങളും സ്വായത്തമാക്കാൻ നിങ്ങളുടെ സഹായം കൂടിയേ തീരൂ. നാളിതുവരെ നൽകിയ സേവനങ്ങൾക്ക് നന്ദി....

സുനിൽകുമാർ. ആർ
അസി. സെക്രട്ടറി



ദേശീയ അധ്യാപകക്ഷേമ
ഫൗണ്ടേഷൻ, കേരളം